**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **07.11.2019-ൽ മറുപടിക്ക്**
**ചോദ്യം നം. 3268**

**ചെല്ലാനം മത്സ്യബന്ധന തുറമുഖനിർമ്മാണം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ജോൺ ഫെർണാണ്ടസ് :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | 31.1.2018 -ലെ മത്സ്യബന്ധന തുറമുഖ വകുപ്പ് 78/2018 ഉത്തരവ് പ്രകാരം 13 കോടിയും 3.1.2018 -ലെ 10/2018/മ.തു.വ. ഉത്തരവ് പ്രകാരം നബാർഡ് ധന സഹായ പദ്ധതിയിൽപ്പെടുത്തി 10.37 കോടി രൂപയും അനുവദിച്ച കൊച്ചി നിയോജക മണ്ഡലത്തിലെ ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ) | 31-01-2018-ൽ ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനാണ് 13 കോടി രൂപയുടെ ഭരണാനുമതി നൽകിയത്.<br>ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവൃത്തികൾക്കായി അനുവദിച്ച 10.37 കോടി രൂപയിൽ (1) വാർഫ്, ആക്ഷൻഹാൾ, ഡ്രഡ്ജിംഗ് & റിക്ലമേഷൻ ബണ്ട് നിർമ്മാണം (2) അപ്രോച്ച് റോഡ് (3) റിപ്ലനിഷ്മെന്റ് ഓഫ് ബ്രേക്ക് വാട്ടർ എന്നിങ്ങനെ 3 പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത്. സ്ഥലം ഏറ്റെടുക്കുകയും എല്ലാ പ്രവൃത്തികൾക്കും കരാറുകാർക്ക് സൈറ്റ് കൈമാറി നൽകുകയും പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ എന്തെല്ലാം നടപടിക്രമങ്ങൾ ആണ് പൂർത്തിയാക്കേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി & സി) | 2019 നവംബർ 11 ന് നിർമ്മാണം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. |
| (സി) | നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**